**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **07-10-2021 - ൽ മറുപടിയ്ക്ക്**

**പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായി നിലവിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനെയാണ് നിലവിൽ പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിനായി തയ്യാറാക്കിയ ഡിസൈനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപ്രോച്ച് റോഡിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളിലെ പുരോഗതി വിശദമാക്കാമോ; | (ബി) | പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിൻെറ അംഗീകരിച്ചിട്ടുള്ള അലൈൻമെൻറ് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള റവന്യൂ വകുപ്പിൻെറ സർവ്വേ നടപടികൾ നടന്നു വരുന്നു. കൂടാതെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള സാമൂഹിക ആഘാത പഠനവും പൂർത്തീകരിച്ചു വരുന്നു. |
| (സി) | കുമ്മല്ലൂർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | കുമ്മല്ലൂർ പാലത്തിൻെറ രൂപകൽപന തീർച്ചപ്പെടുത്തുന്നതിനും ഫീസിബിലിറ്റി പരിശോധിക്കുന്നതിനും വേണ്ടിയുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ